M3. 2936/14.

RR-9/5448/2003 രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലുടെ ഓഫീസ്

തിരുവനന്തപുരം. തീയതി. 20/06/2014

## സർക്കുലർ

വിഷയം - രജിസ്ട്രേഷൻ വകുപ്പ് - റേഷൻ കാർഡിനോടൊപ്പം സാക്ഷ്യപ്പെടുത്തിയ ഫോട്ടോ കൂടി ഹാജരാക്കുന്നത്- സബ്‌രജിസ്ട്രാർമാർക്ക് മാർഗ്ഗനിർദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്

സൂചന - 1.22.3.2014 ലെ ആർ.ആർ.9/ 5448/ 03 - ൧ ൦ നമ്പർ ഗസറ്റ് വിജ്ഞാപനം.

2.ഈ ഓഫീസിലെ 30.4.2014 ലെ ഇ-മെയിൽ സന്ദേശം.

കേരളാ രജിസ്ട്രേഷൻ ചട്ടം 72 എ യിൽ ഭേദഗതി നിലവിൽ വന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തുന്നു.

രജിസ്ട്രേഷൻ ചട്ടം 72 എ- ൽ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാകുന്ന വ്യക്തിയുടെ അനന്യത തെളിയിക്കുന്നതിന് റേഷൻ കാർഡും തെളിവായി സ്വീകരിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. റേഷൻ കാർഡുകളിൽ ഗൃഹനാഥന്റെ ഫോട്ടോ മാത്രമേ പതിക്കുകയുള്ളൂ എന്നതിനാൽ കുടുംബത്തിലെ മറ്റുള്ളവർ റേഷൻ കാർഡ് തിരിച്ചറിയൽ കാർഡായി ആധാര രജിസ്ട്രേഷന് സബ് രജിസ്ട്രാരുടെ മുമ്പിൽ ഹാജരാക്കുന്ന സമയത്ത് ടിയാരുടെ അനന്യത ബോദ്ധ്യപ്പെടുന്നതിനും അതുവഴി നിയമത്തിന്റെ ഉദ്ദേശം സാക്ഷാത്ക്കരിക്കുന്നതിനും ആയത് പര്യാപ്തമല്ലായെന്നു ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മേൽ ഭേദഗതി നിലവിൽ വന്നിട്ടുള്ളത്.

ആകയാൽ മേൽ സന്ദർഭങ്ങളിൽ റേഷൻ കാർഡിനോടൊപ്പം താഴെപ്പറയും പ്രകാരമുള്ള ഒരു സാക്ഷ്യപത്രം കൂടി ഹാജരാക്കുവാൻ നിർദ്ദേശിക്കേണ്ടതാണ്. സാക്ഷ്യപത്രം ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണെന്നും ഫോട്ടോയിൽ കാണുന്ന ആൾ തന്നെയാണ് തന്റെ മുമ്പിൽ ഹാജരായിട്ടുള്ളതെന്നും സബ് രജിസ്ട്രാർമാർ ബോദ്ധ്യപ്പെടേണ്ടതാണ്.

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ**

പകർപ്പ് -

1. എല്ലാ സബ് രജിസ്ട്രാർമാർക്കും
2. എല്ലാ ജില്ലാ രജിസ്ട്രാർമാർക്കും
3. എല്ലാ ഡി.ഐ.ജി.മാർക്കും
4. ഐ.ജി.ഓഫീസിലെ എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും
5. ഐ.ജി.ഓഫീസിലെ എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും
6. ഫയൽ
7. സ്റ്റോക്ക് ഫയൽ

Endt. No. M3.2936/14.

ജില്ലാ രജിസ്ട്രാറുടെ കാര്യാലയം
കൊല്ലം. 25.06.2014.

സർക്കുലർ അറിവിലേക്കും, പാലിക്കപ്പെടുന്നതിലേക്കുമായി അയക്കുന്നു.

ജില്ലാ രജിസ്ട്രാർ (ജനറൽ)
കൊല്ലം

പകർപ്പ്:
(1) ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്)
(2) എല്ലാ സ.റ.മാർക്കും
(3) CA/C!

# സാക്ഷ്യപത്രം

ഫോട്ടോ

മുകളിൽ പതിച്ചിരിക്കുന്ന ഫോട്ടോ ............ ാം നമ്പർ റേഷൻ കാർഡിൽ ക്രമനമ്പർ........... ാമതായി രേഖപ്പെടുത്തിയിട്ടുള്ള ശ്രീ/ ശ്രീമതി / കുമാരി --------------------എന്ന ആളുടേത് തന്നെയാണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രം --------------- സബ്‌രജിസ്ട്രാർ മുമ്പാകെ ഹാജരാക്കുന്നതിനായി നൽകുന്നതാണ്.

സ്ഥലം

( ഒപ്പ് )

തീയതി

ഉദ്യോഗസ്ഥന്റെ പേര്

(ഓഫീസ്‌സീൽ)

ഉദ്യോഗം

വകുപ്പ്